# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1597** **14.07.2016-ൽ മറുപടിയ്ക്ക്**

## പാലക്കാട്ടെ കിൻഫ്ര പാർക്കുകൾ

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ എവിടെ യെല്ലാമാണ് വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ; | എ) | കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഒരു ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കും, ഒറ്റപ്പാലത്ത് ഒരു വ്യവസായ പാർക്കും സ്ഥാപിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പാർക്കുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; | ബി) | കഞ്ചിക്കോട് സ്ഥാപിച്ചിട്ടുള്ള ഇൻഡ സ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാണ്. പ്രസ്തുത പാർക്കിൽ 97 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഭൂമി അനുവദിച്ചിട്ടുണ്ട്.<br>ഒറ്റപ്പാലത്ത് സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീ കരിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ തന്നെ സ്ഥാപിച്ചിട്ടുള്ള ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണവും പൂർത്തീകരിച്ചു. M/s Blissful Apparels Pvt. Ltd. എന്ന വ്യവസായ സംരംഭത്തിന് ഗാർമെന്റ് അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്ക ന്നതിനായി മുഴുവൻ സ്ഥലവും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | സി) | M/s Blissful Apparels Pvt. Ltd എന്ന കമ്പനിക്ക് സ്ഥലം അനുവദിച്ചു എങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പാർക്കിലേക്ക് വ്യവസായികളെ ആകർഷിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഒറ്റപ്പാലത്തെ വ്യവസായ പാർക്കിൽ വ്യവസായങ്ങൾ ആകർഷിക്കുന്നതിന്റെ ഭാഗമായി കിൻഫ്ര തദ്ദേശ വ്യവസായ സംരംഭകരുമായും അല്ലാതെയുള്ള വ്യവസായ സംരംഭകരുമായും കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംരംഭകർ അവരുടെ പ്രോജക്ട് റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഭൂമി അലോട്ട് ചെയ്യുന്നതിനുള്ള തുടർനടപടികൾ കിൻഫ്ര ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ Confederation of Indian Industry (CII), FICCI എന്നീ സംഘടനകൾ സംഘടിപ്പിക്കുന്ന കേരളത്തിനു പുറത്തും അകത്തുമുള്ള നിരവധി ബിസിനസ് മീറ്റുകളിൽ പ്രസ്തുത പാർക്കിന്റെ സാദ്ധ്യതകളെക്കുറിച്ച് അവതരണം നടത്താറുണ്ട്. |
| (ഇ) | നാളിതുവരെ സ്വീകരിച്ച നടപടികൾക്ക് പുറമെ, വ്യവസായികളെ ആകർഷിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത പാർക്കിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും അവിടെ തന്നെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഡിഫെൻസ് പാർക്കിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുമായി ദേശീയ തലത്തിൽ തന്നെ കിൻഫ്ര വിവിധ ബിസിനസ് മീറ്റുകളിൽ പങ്കെടുക്കുന്നതിനും അതു വഴി കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ.